# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : വി.എൻ.ജിതേന്ദ്രൻ)

ഉത്തരവ് നമ്പർ-ഇ1/37515/2014

തിരുവനന്തപുരം
തീയതി 10-12-2015

വിഷയം- സാമൂഹ്യനീതി വകുപ്പ്. - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ - നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1. ജീവനക്കാരുടെ അപേക്ഷകൾ
2. ജി.ഒ(പി)നം.23/2010/സാ.ക്ഷേ.വ തീയതി: 30.03.2010.
3. 13-11-2015 ലെ അക്കൗണ്ടന്റ് ജനറൽ(എ & ഇ) യുടെ GE 18/B/SW/8577, GE 18/B/SW/8579 നമ്പർ കത്തുകൾ

പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാരുടെ ലീവ് വിവരങ്ങൾ പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടുണ്ട്. വകുപ്പിലെ നിലവിലുള്ള വിശേഷാൽ ചട്ടം പ്രകാരം (പരാമർശം 2) ഉദ്യോഗക്കയറ്റം വഴി ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഒരു വർഷത്തെ സേവനകാലം പൂർത്തിയാക്കേണ്ടതും, അക്കൗണ്ട് ടെസ്റ്റ് (ലോവർ), എം.ഒ.പി എന്നീ ടെസ്ററുകൾ ജയിച്ചിരിക്കേണ്ടതുമാണ്. എന്നാൽ 1958ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 13 ബി പ്രകാരം പ്രസ്തുത റൂൾസിലോ വിശേഷാൽ ചട്ടത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാർ സർവ്വീസിലുള്ള 50 വയസ്സ് പൂർത്തിയാവുന്ന വ്യക്തികളെ വിശേഷാൽ ചട്ടങ്ങളിൽ യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള ടെസ്റ്റുകൾ ഒഴികെ ഉദ്യോഗക്കയറ്റത്തിനോ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനോ വേണ്ടി നിർബന്ധമായും പാസ്സായിരിക്കേണ്ട ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പരാമർശം (2) ലെ സാമൂഹ്യനീതി വകുപ്പിൽ പ്രാബല്യത്തിലുള്ള വിശേഷാൽ ചട്ടത്തിലെ 8-ാം ചട്ടത്തിൽ നിഷ്ക്കർഷിക്കുന്നത് യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ള ഒരു ടെസ്റ്റ് അല്ലാ, മറിച്ച് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ 13-ാം ചട്ടത്തിൽ വ്യക്തമാക്കിയിരിക്കും പ്രകാരം, ഉദ്യോഗക്കയറ്റത്തിനോ, സർവ്വീസിലെ ഫുൾടൈം അംഗമായി തീരുവാനോ വേണ്ടി ജയിച്ചിരിക്കുവാൻ ബാധ്യതയുള്ള ഒരു ടെസ്ററ് മാത്രമാണ്. ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിശുവികസന പദ്ധതി ഓഫീസർമാർ എല്ലാംതന്നെ 50 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളവരാണ്. ഈ സാഹചര്യത്തിൽ ടി ജീവനക്കാർക്ക് 1958ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 13 ബി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ടി ജീവനക്കാരുടെ നിരീക്ഷണകാലം ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | സി.ഡി.പി.ഒ തസ്തികയിൽ പ്രവേശിച്ച തീയതി | അവധിയുടെ വിവരം | നിരീക്ഷണ കാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|
| 1 | ശ്രീമതി മേരി പി ജെ,<br>ശിശു വികസന പദ്ധതി ഓഫീസർ,<br>തലശ്ശേരി | 13-06-2014 F N | ഇല്ല | 13-06-2015 F N |
| 2 | ശ്രീമതി മറിയം ബീവി ഒ എം<br>ശിശു വികസന പദ്ധതി ഓഫീസർ,<br>പൊന്നാനി അഡീഷണൽ | 05-06-2014 F N | ഇല്ല | 05-06-2015 F N |
| 3 | ശ്രീമതി ജാസ്മിൻ ചീമാടൻ<br>ശിശു വികസന പദ്ധതി ഓഫീസർ,<br>അരീക്കോട് | 25-02-2011 F N | ഇല്ല | 31-07-2012 F N |
| 4 | ശ്രീമതി നഫീസ എം,<br>ശിശു വികസന പദ്ധതി ഓഫീസർ,<br>കോഴിക്കോട് അർബൻ-2 | 05-06-2014 F N | ഇല്ല | 05-06-2015 F N |
| 5 | ശ്രീമതി ജി ഗീത<br>ശിശു വികസന പദ്ധതി ഓഫീസർ,<br>ഇരിട്ടി, | 16-06-2014 F N | ഇല്ല | 16-06-2015 F N |
| 6 | ശ്രീമതി രമണി റോസ് ജെ സി,<br>ശിശു വികസന പദ്ധതി ഓഫീസർ,<br>കാഞ്ഞിരപ്പള്ളി അഡീഷണൽ | 06-06-2014 F N | ഇല്ല | 06-06-2015 F N |
| 7 | ശ്രീമതി അനിത കെ ആർ<br>ശിശു വികസന പദ്ധതി ഓഫീസർ,<br>കാറഡുക്ക | 09-07-2014 F N | ഇല്ല | 09-07-2015 F N |
| 8 | ശ്രീമതി കുമാരിശാന്തി ഐ എസ്<br>ശിശു വികസന പദ്ധതി ഓഫീസർ,<br>കുറ്റിപ്പുറം | 05-06-2014 F N | ഇല്ല | 05-06-2015 F N |
| 9 | ശ്രീമതി സുലോചന കെ,<br>ശിശു വികസന പദ്ധതി ഓഫീസർ,<br>ശാസ്താംകോട്ട | 30-10-2013 F N | HPL-162<br>EL- 91 | 21-08-2015 F N |
| 10 | ശ്രീമതി നജുമുന്നിസ<br>ശിശു വികസന പദ്ധതി ഓഫീസർ,<br>ഇലന്തൂർ | 08-11-2012 F N | HPL-81<br>LWA-46 | 15-03-2014 F N |

(ഒപ്പ്)

ബന്ധപ്പെട്ട ജീവനക്കാർക്ക്

സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ് -

1. അക്കൗണ്ടന്റ് ജനറൽ(കേരള), തിരുവനന്തപുരം
2. ഇ 9 സീറ്റ്
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്